## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.276. 19.07.2016 ൽ മറുപടിയ്ക്ക്.**

## മോട്ടോർ വാഹന ചട്ടങ്ങളുടെ ലംഘനം

| ചോദ്യം<br>ശ്രീ. പി.സി. ജോർജ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന ചട്ടങ്ങൾ ലംഘിച്ച് പല ഉദ്യോഗസ്ഥരുടെയും സ്ഥാപനങ്ങളുടെയും വാഹനങ്ങളിൽ അനധികൃത ബീക്കൺ ലൈറ്റുകളും ബോർഡുകളും ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതു മൂലം ഉണ്ടാകുന്ന സുരക്ഷാ പ്രശ്നങ്ങളും നിയമലംഘനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ? | (ബി) | ഇതു മൂലം സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് മോട്ടോർവാഹന വകുപ്പിലും സർക്കാരിലും ലഭിച്ച പരാതികളിലെല്ലാം തന്നെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയി-ട്ടുണ്ട്. കൂടാതെ അനധികൃത ബോർഡ് പ്രദർശനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി |

| | | | |
|---|---|---|---|
| | | | ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുള്ള വാഹനങ്ങൾക്കെതിരെ നിയമപ്രകാരം നടപടികൾ സ്വീകരിക്കുവാൻ ഗതാഗത കമ്മീഷണർ 18-05-2015 തീയതിയിലെ സി1/7266/റ്റിസി/2015 കത്ത് വഴി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത ബീക്കൺ ലൈറ്റ് ഉപയോഗം തടയുന്നതിനായി കേരളത്തിലങ്ങോള-മിങ്ങോളം ഒരു ചെക്കിംഗ് ഡ്രൈവ് നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ